**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3726** — **15-07-2022 - ൽ മറുപടിയ്ക്ക്**

**തമ്മനം പുല്ലേപ്പടി റോഡിന്റെ ഉടമസ്ഥാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തൃക്കാക്കര മണ്ഡലത്തിലെ തമ്മനം പുല്ലേപ്പടി റോഡ് നിലവിൽ ഏത് വകുപ്പിന്റെ കീഴിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കൊച്ചി നഗരസഭയുടെ അധീനതയിലുള്ള പത്മ ജംഗ്ഷൻ മുതൽ നാഷണൽ ഹൈവേ ബൈപ്പാസ് വരെയുള്ള 3.75 കി.മീ റോഡ് തമ്മനം - പുല്ലേപ്പടി റോഡിന്റെ വികസനത്തിനായി 2020 ജനുവരി 13-ാം തീയതിയിലെ 1(സി) നമ്പർ നഗരസഭ കൗൺസിൽ തീരുമാന പ്രകാരം പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത റോഡ് തങ്ങൾക്ക് കീഴിലല്ലെന്ന് പൊതുമരാമത്ത് വകുപ്പും കൊച്ചിൻ കോർപ്പറേഷനും കിഫ്ബിയും നിലപാട് എടുത്തിരിക്കുന്നതിനാൽ സെന്റ് ജൂഡ് ചർച്ചിന് സമീപം റോഡ് പൂർണ്ണമായും തകർന്ന് ഗതാഗതയോഗ്യമല്ലാതായ ഭാഗത്ത് പണിപൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | കിഫ്ബി ഫണ്ട് പ്രയോജനപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ കാരണം കാലതാമസം നേരിടുന്ന സാഹചര്യമുണ്ടെങ്കിൽ റോഡുകളുടെ അറ്റകുറ്റ പണി ആവശ്യമാവുന്ന പക്ഷം ആയത് നടത്തുവാൻ കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. അതിൻ പ്രകാരം അറ്റകുറ്റപ്രവൃത്തിയ്ക്കായി 24.05.2022 ൽ മൂന്നര ലക്ഷം രൂപയുടെ ഭരണാനുമതി കെ.ആർ.എഫ്.ബി-പി.എം.യു നൽകിയിട്ടുണ്ട്. എറണാകുളം കേരള റോഡ് ഫണ്ട് ബോർഡ് -പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് ഡിവിഷനാണ് തുടർനടപടി സ്വീകരിക്കുന്നത്. പ്രസ്തുത പ്രവൃത്തി 04.06.2022 ൽ ടെണ്ടർ ചെയ്യുകയും 13.06.2022 വരെ കാലാവധിയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ ആരും പങ്കെടുക്കാത്തതിനാൽ 20.06.2022 വരെ ടെണ്ടർ ദീർഘിപ്പിച്ചെങ്കിലും തുടർന്നും ആരും പങ്കെടുത്തില്ല. ടി പ്രവൃത്തി വീണ്ടും ടെണ്ടർചെയ്തിട്ടുണ്ട്. 18.07.2022 ൽ ടെണ്ടർ തുറക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ